അട്ടിമറിക്കു വേണ്ടി റേഡിയോ

കോന്നിയൂർ ആർ നരേന്ദ്രനാഥ്

വിദേശങ്ങളിലേക്കുള്ള പ്രക്ഷേപണം രാഷ്ട്രീയലക്ഷ്യത്തോടെ വിദഗ്ധമായി ആസൂത്രണം ചെയ്ത് നിർവഹിച്ചാൽ ദൂരവ്യാപകമായ ഫലമുണ്ടാക്കാമെന്ന് ഇന്നു തെളിഞ്ഞിട്ടുണ്ട്.

കുപ്രസിദ്ധി നേടിയ അമേരിക്കൻ ഐക്യനാടുകളുടെ സി ഐ എ യുടെ (സെൻട്രൽ ഇൻറലിജൻസ് ഏജൻസിയുടെ) ചുമതലയിൽ ജർമനിയിൽ മ്യൂണിക്ക് ആസ്ഥാനമാക്കി പ്രവർത്തിക്കുന്ന റേഡിയോ കേന്ദ്രങ്ങൾ 1950 -ൽ ആരംഭിച്ചു. കിഴക്കെ യൂറോപ്യൻ രാജ്യങ്ങളെ ലക്ഷ്യം വെച്ചുള്ള പരിപാടികൾ മാത്രമാണ് അവ പ്രസരിപ്പിച്ചിരുന്നത്. കള്ളനിലയങ്ങളായിട്ടാണവ തുടങ്ങിയത്. ഇന്നു അവ രണ്ടും മൂടുപടം നീക്കി മുഖം കാണിച്ചുകൊണ്ടുതന്നെയാണ് നിയുക്ത കർത്തവ്യമനുഷ്ഠിക്കുന്നത്. ഐക്യരാജ്യങ്ങളുടെ സർക്കാരിൻെറ അധീനതയിലുള്ള ബോർഡ് ഓഫ് ഇൻറർനാഷണൽ ബ്രോഡ്കാസ്റ്റിങ്ങ് ആണ് അവയുടെ ഇന്നത്തെ ചുമതലക്കാർ. റേഡിയോ ഫ്രീ യൂറോപ്പ്, റേഡിയോ ലിബർട്ടി എന്നാണവയുടെ പേര്. ഇവയെ കൂടാതെ വോയ്സ് ഓഫ് അമേരിക്ക എന്ന പ്രക്ഷേപണ സ്ഥാപനവും ഈ പ്രദേശങ്ങളിലേക്ക് ധാരാളം ഇനങ്ങൾ പ്രസരിപ്പിക്കുന്നുണ്ട്. കമ്യൂണിസ്റ്റ് ഭരണത്തിലിരുന്ന രാജ്യങ്ങളിൽ അട്ടിമറി പ്രസ്ഥാനം കരുപ്പിടിപ്പിക്കാനും പ്രതിവിപ്ലവകാരികളുടെ ആത്മവീര്യം വർധിപ്പിക്കാനുമുള്ള പരിപാടികൾ ആദ്യം പറഞ്ഞ രണ്ടു കേന്ദ്രങ്ങൾ നിരന്തരം പ്രക്ഷേപണം ചെയ്തു. വോയ്സ് ഓഫ് അമേരിക്കയുടെ നിയന്ത്രണത്തിലിരിക്കുന്ന ഒരു കേന്ദ്രം -റേഡിയോ മാർടി[Radio Marti] ക്യൂബയെ ഉന്നംവച്ച് 1985 മുതൽ പ്രക്ഷേപണമാരംഭിച്ചു.

കമ്യൂണിസ്റ്റ് പ്രാഭവമുണ്ടായിരുന്ന നാടുകളിൽ ഇവയ്ക്ക് ശ്രോതാക്കൾ എത്രമാത്രമുണ്ടായിരുന്നു എന്നു വ്യക്തമാക്കുന്ന സ്ഥിതിവിവരക്കണക്കുകൾ പ്രസിദ്ധീകരണങ്ങളിൽ അവിടവിടെ കാണാനുണ്ട്. അവയിൽ ചിലത് ഇവിടെ പ്രസക്തിയുള്ളതിനാൽ രേഖപ്പെടുത്താം.

ഗൊർബചോവ് സോവിയറ്റ് യൂണിയനിൽ അധികാരത്തിലെത്തുന്നതിനു ഒരു കൊല്ലം മുമ്പ് അവിടത്തെ പ്രായപൂർത്തിയെത്തിയവരിൽ 14 -18 ശതമാനം പേർ, ആഴ്ചയിൽ ഒരിക്കലെങ്കിലും വോയ്സ് ഓഫ് അമേരിക്ക പ്രസരിപ്പിച്ച പരിപാടി രഹസ്യമായി കേട്ടിരുന്നു. റേഡിയോ ലിബർട്ടി എന്ന കള്ളക്കേന്ദ്രത്തിലെ പ്രക്ഷേപണങ്ങൾക്ക് കിട്ടിയ ശ്രോതാക്കളുടെ ശതമാനം 8 -12 ആയിരുന്നപ്പോൾ, ബ്രിട്ടനിൽ നിന്ന് ബി ബി സി കൊടുത്ത പരിപാടി ശ്രദ്ധിക്കാൻ 7 -10 ശതമാനം പേർ സന്നദ്ധരായിരുന്നു. ജർമൻ റേഡിയോക്ക് അവിടെ നേടാൻ കഴിഞ്ഞത് 3 -6 ശതമാനം മാത്രം.

കിഴക്കെ യൂറോപ്യൻ രാജ്യങ്ങളിലെ അവസ്ഥ എന്തായിരുന്നു? 1982 -83 ലെ കണക്കുകൾ ലഭ്യമാണ്. പോളണ്ടിൽ 68 ശതമാനം; റുമേനിയയിൽ 64 ശതമാനം, ഹങ്കറിയിൽ 58 ശതമാനം, ചെക്കോസ്ലോവാക്യയിൽ 37 ശതമാനം, ബൾഗേറിയയിൽ 33 ശതമാനം ആളുകൾ ആഴ്ചയിൽ ഒരിക്കലെങ്കിലും പാശ്ചാത്യ റേഡിയോ പരിപാടി മനഃപൂർവം ശ്രദ്ധിച്ചു.

ലോക പ്രക്ഷേപണ സ്ഥിതിവിവരങ്ങളിൽ പ്രത്യേക പ്രാവീണ്യമുള്ളയാളെന്നു പ്രശസ്തിയുള്ള മൗറി ലിസാൻ[Maury Lisann]സ്വന്തം ഗവേഷണങ്ങളായി പ്രസിദ്ധപ്പെടുത്തിയിട്ടുള്ള ചില വിവരങ്ങൾ കൂടി ഇവിടെ പറയട്ടെ. ശീതസമരം ശക്തിപ്പെട്ടിരുന്ന കാലത്ത് സോവിയറ്റ് യൂണിയനിൽ 400 -600 ലക്ഷം പേർ (ഇത് ജനസംഖ്യയുടെ 15 -25 ശതമാനം വരും) പാശ്ചാത്യരാജ്യങ്ങളിൽ നിന്നും പ്രസരിപ്പിച്ചിരുന്ന റഷ്യയിലേക്കുള്ള, പരിപാടി ശ്രദ്ധിക്കാൻ താൽപര്യം കാണിച്ചിട്ടുണ്ട്. പൊതുവെ പ്രാധാന്യമുള്ള ലോകകാര്യങ്ങൾ മനസ്സിലാക്കാനാണ് ഇവരിൽ 50 -75 ശതമാനം പേർ അപ്രകാരം ചെയ്തത്. 30 -35 ശതമാനം പേർ സോവിയറ്റ് മാധ്യമങ്ങളിലൂടെ വന്നിരുന്ന വിവരങ്ങൾ പക്ഷപാതപരമാണെന്നാണ് കരുതിയത്. 20 -30 ശതമാനം പേർ സോവിയറ്റ് ഇൻഫർമേഷൻ സർവീസിൽ വിശ്വാസമില്ലാത്തവരായിരുന്നു.


വിദേശത്തുനിന്നു വരുന്ന പ്രക്ഷേപണങ്ങൾ ജനങ്ങൾ കേൾക്കാതിരിക്കാൻ 'ജാമിങ്ങ്'[Jamming]വഴി തടസ്സമുണ്ടാക്കാൻ പല രജ്യങ്ങളിലും നടപടികളെടുത്തിരുന്നു. പക്ഷെ അതുകൊണ്ട് കാര്യമായ ഫലസിദ്ധി വന്നില്ല. 1988 മുതൽ റേഡിയോ ലിബർട്ടിയും, 1987 മുതൽ ബി ബി സി, വോയ്സ് ഓഫ് അമേരിക്ക എന്നിവയുടെ പരിപാടികളും, ജാം ചെയ്യുന്ന നടപടികൾ സോവിയറ്റ് യൂണിയൻ നിർത്തുകയുണ്ടായി. റേഡിയോ ഫ്രീ യൂറോപ്പ് കേന്ദ്രത്തിലെ പരിപാടികൾ തടസ്സപ്പെടുത്താതായത് 1988 അവസാനത്തോടെയും.

അമേരിക്കൻ ഐക്യനാടുകളിൽ പ്രക്ഷേപണത്തിലൂടെ നടത്തുന്ന അധാർമിക പ്രവർത്തനങ്ങളെക്കുറിച്ച് കഠിനമായ ആക്ഷേപങ്ങളുണ്ടായിട്ടുണ്ട്. വോയ്സ് ഓഫ് അമേരിക്കയെന്ന സ്ഥാപനം അടച്ചുപൂട്ടണമെന്നു വാദിച്ചയാളാണ് പ്രസിദ്ധ പത്രപ്രവർത്തകനായിരുന്ന വാൾടർ ലിപ്മാൻ.

പ്രത്യയശാസ്ത്രപ്രധാനങ്ങളായ ആശയങ്ങൾ പ്രചരിപ്പിക്കാൻ അന്യനാടുകളെ ലക്ഷ്യം വച്ച് റേഡിയോ പരിപാടികൾ അതിവിപുലമായി ആസൂത്രണം ചെയ്ത് സോഷ്യലിസ്റ്റ് രാജ്യങ്ങൾ നടപ്പിൽ വരുത്തിയിരുന്ന കാര്യവും വിസ്മരിച്ചുകൂടാ. മുഖ്യമായും മുതലാളിത്ത രാജ്യങ്ങളിലേക്കും അൽപ വികസിതവും അവികസിതവുമായ രാജ്യങ്ങളിലേക്കുമാണ് അവ് ചെയ്തിരുന്നത്. സോവിയറ്റ് യൂണിയനിൽ ആ കർത്തവ്യം അനുഷ്ഠിച്ചത് റേഡിയോ മോസ്കോ ആയിരുന്നു. അറുപത്തിനാല് വിദേശഭാഷകളിലാണത് ചെയ്തത്. ചൈനയും ഇക്കാര്യത്തിൽ ഒട്ടും പിന്നിലല്ല. റേഡിയോ പീക്കിങ്ങ് ആണ് വിദേശ പ്രക്ഷേപണം നടത്തുന്നത്. ഹിന്ദി, ഉറുദു, ബംഗാളി -തുടങ്ങിയ ഇന്ത്യൻ ഭാഷകൾക്ക് അതിൽ വളരെ പ്രാമാണ്യമുണ്ട്. ഈ പരിപാടികളിലെല്ലാം, ഒളിഞ്ഞും തെളിഞ്ഞും, രാഷ്ട്രീയലക്ഷ്യസാക്ഷാത്കാരത്തിനു സഹായകമാകുന്ന [illegible] ധാരാളമായി അനുഭവപ്പെടാറുണ്ട്. വിദേശങ്ങളിൽ ഇവയ്ക്കുള്ള ശ്രോതാക്കളെ സംബന്ധിച്ചുള്ള സ്ഥിതിവിവരങ്ങൾ കിട്ടാനില്ല.

കൃത്രിമോപകരണങ്ങൾ ഉപയോഗിച്ച് ആഗോളാടിസ്ഥാനത്തിൽ പ്രയാസമില്ലാതെ പ്രസരണം സാധിക്കാൻ റേഡിയോയ്ക്കും ടെലിവിഷനും ഇന്നു സാധിക്കും. ആശയപ്രചാരണത്തിനുള്ള അതിരില്ലാത്ത അവസരങ്ങളാണ് അവയരുളുന്നത്

അടുത്തയാഴ്ച:
ടെലിവിഷൻ അവതരിക്കുന്നു.



അറിവു വഹിച്ചുകൊണ്ടു പ്രസരിക്കുന്ന തരംഗങ്ങളുടെ മഹാപ്രളയത്തിലാണ് മനുഷ്യൻ. എന്നാൽ, അറിവിനോടൊപ്പം വിവേകവും വളർത്താനുതകുന്ന വിഭവങ്ങളല്ല, പലപ്പോഴും അവയിലൂടെ പ്രസരിപ്പിക്കുന്നത്.

ശില്പം അവർ ചിട്ടപ്പെടുത്തിയെടുത്തിട്ടുള്ളത്.

പാരമ്പര്യവും ആധുനികതയും അവ തമ്മിലുള്ള പാരസ്പര്യവുമൊക്കെ ചർച്ചാവിഷയമായപ്പോൾ പദ്മാ സുബ്രഹ്മണ്യം വാചാലയായി.

"നമുക്ക് മനുഷ്യരൂപം ഉള്ളിടത്തോളം കാലം മനുഷ്യാംഗങ്ങൾ മാറാതിരിക്കുന്നിടത്തോളം കാലം നാട്യശാസ്ത്രത്തിനു പ്രസക്തിയുണ്ടായിരിക്കും. മുന്നോട്ടായാൻ നാം പിന്നാക്കം ഏതാനും ചുവടുകളെടുക്കുന്നതുപോലെ, പാരമ്പര്യത്തിൻെറ ആഴങ്ങളിൽ നിന്നുവേണം നാം ഇന്നേക്കു വേണ്ട കരുക്കൾ ശേഖരിക്കാൻ".

അശിക്ഷിതർക്ക് ശാസ്ത്രീയ കലകളുടെ ലോകത്ത് പ്രവേശനം നിഷേധിക്കപ്പെട്ടിരിക്കുകയാണല്ലോ. ഇത് കലയുടെ വരേണ്യവൽക്കരണമല്ലേ?

"അങ്ങനെ പറയാനാകില്ല. നാട്യശാസ്ത്രത്തിൽ നാടൻ കലകളെക്കുറിച്ചും പരാമർശങ്ങളുണ്ടല്ലോ. ശാസ്ത്രീയമെന്നാൽ ലിഖിതരൂപത്തിലാക്കിയത് എന്നേ അർഥമാക്കേണ്ടൂ. അതിനോട് സാമൂഹ്യ- [illegible] നമെടുത്താൽ മതി. ഒരിക്കൽ നാടനായിരുന്നത് കാലാന്തരേണ ശാസ്ത്രീയമാകുന്നു. ത്യാഗരാജസ്വാമികൾ സാധാരണ ജനങ്ങൾക്കായി സംഗീതം രചിച്ചു. അത് ഇന്നി കാണുന്ന രൂപത്തിലാകുമെന്ന് അന്നാരും കരുതിക്കാണില്ല".

"ശാസ്ത്രീയ കല ആസ്വദിക്കാനാകാത്തവരാണ് സാധാരണക്കാർ എന്ന കാഴ്ചപ്പാടും ശരിയല്ല", ചോദ്യത്തിൽ അങ്ങനെയൊരു ധ്വനിയില്ല എന്ന് പറഞ്ഞപ്പോൾ അതിനോട് പൂർണമായി യോജിച്ചുകൊണ്ട്